**<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്</u>**

**(സാന്നിധ്യം.സിമി എ.എസ്, ഗവ.അഡീഷണൽ സെക്രട്ടറി )**

വിഷയം:- പൊതുവിദ്യാഭ്യാസം ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽസ്കൂൾ (സർക്കാർ ബധിര/അന്ധ വിദ്യാലയം) അദ്ധ്യാപകരുടെ 01.01.2026 പ്രാബല്യത്തിലുള്ള താൽക്കാലിക സീനിയോരിറ്റി പട്ടിക (Provisional Seniority List) പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. സർക്കാർ കത്ത് നമ്പർ സി4/146/2023/പൊ.വി.വ തീയതി: 05.07.2023.

2. 03/04/2026 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡിജിഇ/5452/2026/എ3 നമ്പർ സർക്കുലർ.

**<u>ഉത്തരവ് നമ്പർ എ3/5452/2026//ഡി.ജി.ഇ തീയതി : 24-06-2026</u>**

പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽസ്കൂൾ അദ്ധ്യാപകരുടെ സീനിയോരിറ്റി പട്ടിക എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി പുതുക്കി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ എച്ച്.എസ്.എ സ്പെഷ്യൽസ്കൂൾ അദ്ധ്യാപകരുടെയും വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും സർക്കുലർ നൽകിയിരുന്നു. അതിൻ പ്രകാരം ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽസ്കൂൾ അദ്ധ്യാപകരുടെ (സർക്കാർ ബധിര/അന്ധ വിദ്യാലയം) സീനിയോരിറ്റി പട്ടികയുടെ കരട് 01.01.2026 തീയതി പ്രാബല്യത്തിൽ താല്ക്കാലികമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത പട്ടികയിന്മേലുള്ള പരാതികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ **30/06/2026, തീയതി 5 PM**-ന് മുൻപായി ഈ കാര്യാലയത്തിലെ എ വിഭാഗത്തിൽ ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാണ്. **(ഇമെയിൽ വിലാസം : supdta.dge@kerala.gov.in)**

Digitally signed by
SIMI A S
Date: 24-06-2026
14:55:48

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**(ഗവ. അഡീഷണൽ സെക്രട്ടറി)**
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
3. ഡയറക്ടർ, സമഗ്ര ശിക്ഷ കേരളം, തിരുവനന്തപുരം
4. ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം

5. എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും
6. എല്ലാ സ്കൂൾ പ്രധാമാധ്യാപകർക്കും
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് ഔദ്യോഗിക വെബ് സൈറ്റിൽ
8. ഓഫീസ് കോപ്പി/കരുതൽ ഫയൽ